കുളത്തൂപ്പുഴയിൽ കെ.റ്റി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ വിശ്രമകേന്ദ്രങ്ങളും ഹോട്ടലുകളും

121 (1877) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ കെ.റ്റി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ വിശ്രമകേന്ദ്രങ്ങളും ഹോട്ടലുകളും തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ കെ.റ്റി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ വിശ്രമകേന്ദ്രങ്ങളും ഹോട്ടലുകളും തുടങ്ങുവാൻ ഇപ്പോൾ പദ്ധതിയില്ല.

തെന്മല ഇക്കോ ടൂറിസം പദ്ധതിയെ ടൂറിസം ഡെസ്റ്റിനേഷനായി ഉയർത്തുന്നതിനുള്ള നടപടി

122 (1878) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെന്മല ഇക്കോ ടൂറിസം പദ്ധതിയെ രാജ്യാന്തര നിലവാരത്തിലുള്ള ഒരു ടൂറിസം ഡെസ്റ്റിനേഷനായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ :

(ബി) ഇതിനകം ഈ ലക്ഷ്യപ്രാപ്തിക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക മാറ്റിവച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തെന്മല ഇക്കോടൂറിസം പദ്ധതിയെ രാജ്യാന്തര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി ഉയർത്തുന്നതിന്റെ ഭാഗമായി സന്ദർശകർക്കായി നവീകരിച്ച ഇന്റർപ്രെട്ടേഷൻ സെന്റർ, ടൂറിസ്റ്റ് അക്കോമഡേഷൻ, ടെന്റിംഗ് ക്യാമ്പിംഗ് മുതലായവ ഒരുക്കിയിട്ടുണ്ട്.

(ബി) ഐ.ടി. മിഷന്റെ സഹായത്തോടുകൂടി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നവീകരിച്ചു. സഞ്ചാരികൾക്ക് ആവശ്യമായ താമസസൗകര്യം ഒരുക്കി. കൂടാതെ വനം വകുപ്പിന്റെ സഹായത്തോടുകൂടി ട്രക്കിംഗ് പാക്കേജുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) 43 ലക്ഷം രൂപ (നാൽപ്പത്തി മൂന്ന് ലക്ഷം രൂപ മാത്രം).

LIBRARY ARCHIVES Kerala Legislative Assembly